**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 56** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>തോട്ടം മേഖലയുടെ സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും സംബന്ധിച്ച് ജസ്ററിസ് കൃഷ്ണൻ നായർ കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെയും സംസ്ഥാന ആസൂത്രണ ബോർഡ് ഓണററി കൺസൾട്ടന്റ് ആയിരുന്ന ശ്രീ. വി. നമശിവായം സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. തുടർന്ന്, കേരളത്തിലെ തോട്ടം മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തി മേഖലയിലെ വൈവിധ്യവൽക്കരണത്തെയും നവീകരണത്തെയും സംബന്ധിച്ച് വിശദമായ പഠനം നടത്തി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ വിളവൈവിധ്യവത്ക്കരണം, മൂല്യവർദ്ധന പദ്ധതികൾ, പ്ലാന്റേഷൻ ഇതര പ്രവർത്തനങ്ങൾ, തൊഴിലാളി ക്ഷേമം, ടാസ്ക് ഫോഴ്സ് രൂപീകരണം, പരിസ്ഥിതി വിഭവങ്ങളുടെ പട്ടികയും മാപ്പും തയ്യാറാക്കുന്നതിലേക്കായി ഒരു സ്വതന്ത്ര ഗവേഷണ സ്ഥാപനം രൂപീകരിക്കൽ, കാർബൺ ട്രേഡിംഗിന്റെ സാധ്യതകൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശദമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തോട്ടം മേഖലകളിലെ തൊഴിലാളികളുടെ ലയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാർ സബ്സിഡി നൽകുന്ന തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഇന്ത്യയിലെ മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഉയർന്ന ഉൽപ്പാദന ചെലവും, ഉൽപ്പന്നങ്ങളുടെ വിലയിടിവും, തോട്ടം വിളകളുടെ അനിയന്ത്രിത ഇറക്കുമതിയും, തോട്ടം മേഖലയിലെ പ്രധാന പ്രതിസന്ധിയാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കനത്തമഴ, പ്രളയം, കടുത്ത വരൾച്ച എന്നിവ ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചു വരുന്ന വന്യമൃഗ ആക്രമണങ്ങൾ വിളകൾക്കും, തൊഴിലാളികളുടെ സുരക്ഷയ്ക്കും ഭീഷണിയാണ്. തോട്ടം തൊഴിലാളികളുടെ മക്കൾ (പുതിയ തലമുറ) തോട്ടത്തിൽ ജോലി ചെയ്യുവാൻ തയ്യാറാവുന്നില്ല. ഇത് തൊഴിലാളി ക്ഷാമത്തിനും കാരണമായിട്ടുണ്ട്.

**(ബി)** സംസ്ഥാനത്തെ തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും വരുമാനവർദ്ധനവും ലക്ഷ്യമിട്ട് നിലവിൽ അനുവദനീയമായ വിളകൾക്ക് പുറമേ മറ്റു ദീർഘകാല വിളകളും കൃഷി ചെയ്യാനുള്ള അനുമതി നൽകുമോ; ഇതിനായി നിയമ /ചട്ട ഭേദഗതി അനുപേക്ഷണീയമാണോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും വരുമാനവർദ്ധനവും ലക്ഷ്യമിട്ട് നിലവിൽ അനുവദനീയമായ വിളകൾക്ക് പുറമേ മറ്റു ദീർഘകാല വിളകളായ റംബൂട്ടാൻ, അവാക്കാഡോ, ഡ്യൂറിയാൻ, ലോഗൻ, അഭിയു തുടങ്ങിയ ദീർഘകാല വിളകൾ കൃഷി ചെയ്യുവാനുള്ള അനുമതിക്കായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പിലും 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവിലും ഇതിലേക്കായി ഭേദഗതി ആവശ്യമായി വന്നേക്കാം.

**(സി)** തളർച്ച നേരിടുന്ന തോട്ടം മേഖലയുടെ സംരക്ഷണത്തിനായി തോട്ടങ്ങളിൽ കന്നുകാലി വളർത്തൽ, പന്നിവളർത്തൽ തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാനും ഇവയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും വിപണനത്തിനും അനുമതിയും പ്രോത്സാഹനവും നൽകുന്നത് പരിഗണിക്കുമോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**(ഡി)** തോട്ടം മേഖലയിൽ നിലവിലെ വിളകളോടൊപ്പം പരീക്ഷണാടിസ്ഥാനത്തിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്നത് വരുമാന വർദ്ധനവിനുതകുമെന്ന് കരുതുന്നുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** നിലവിൽ തോട്ടം ഭൂമിയുടെ 5% വരെ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 (4) പ്രകാരം അനുവാദമുണ്ട്. കൂടാതെ പുഷ്പകൃഷി, വാനില, ഔഷധ സസ്യങ്ങൾ, മറ്റ് കാർഷിക വിളകൾ എന്നിവ കൃഷി ചെയ്യുവാൻ നിലവിൽ അനുമതിയുണ്ട്.

**(ഇ)** തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ വിലനിർണയം ലക്ഷ്യമിട്ട് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** പരിഗണനയിലില്ല.

**(എഫ്)** വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ തോട്ടങ്ങളിൽ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കാമോ?

**<u>മറുപടി:</u>** കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ പഠന റിപ്പോർട്ടിലെ ശിപാർശയുടെയടിസ്ഥാനത്തിൽ പ്ലാന്റേഷൻ മേഖലയിൽ സ്വാഭാവിക സ്ഥിതി സംരക്ഷിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ പരിസ്ഥിതി/ വിനോദ സഞ്ചാര വകുപ്പുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**